# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 260 — 10.12.2018-ൽ മറുപടിക്ക്

### സാഗര മൊബൈൽ ആപ്ലിക്കേഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>,, മുഹമ്മദ് മുഹസിൻ പി | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പാക്കിയ സാഗര മൊബൈൽ ആപ്ലിക്കേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി മത്സ്യബന്ധന വകുപ്പ് നാഷണൽ ഇൻഫർമാറ്റിക് സെന്ററുമായി ചേർന്ന് രൂപം കൊടുത്ത ഒരു മൊബൈൽ ആപ്ലിക്കേഷനാണ് 'സാഗര'. ഈ മൊബൈൽ ആപ്ലിക്കേഷനിൽ മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി 50 സാഗര ഫെസിലിറ്റേറ്റർമാരെ 9 ജില്ലകളിലായി തെരഞ്ഞെടുത്ത് പരിശീലനം നൽകി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവർ മത്സ്യത്തൊഴിലാളികളുടെ ആൻഡ്രോയിഡ് ഫോണുകളിലേക്ക് പ്രസ്തുത ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത് നൽകുകയും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ 'സാഗര' യിൽ രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ പേരു വിവരങ്ങൾ ഏതു സമയവും അറിയുന്നതിനും അടിയന്തിര സന്ദർഭങ്ങളിൽ തീരക്കടലിൽ മുന്നറിയിപ്പുകൾ നൽകുന്നതിനും സാഗര മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്താൻ കഴിയും. |
| (ബി) | സാഗര മൊബൈൽ ആപ്ലിക്കേഷൻ നടപ്പാക്കിയത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സാഗര മൊബൈൽ ആപ്ലിക്കേഷൻ നടപ്പിലാക്കുന്നത് പ്രാരംഭ ഘട്ടത്തിലാണ്. ഇതിനകം 7578 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തിട്ടു ണ്ട്. കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യ ത്തൊഴിലാ ളികളുടെ വിവരങ്ങൾ ഏതു സമയവും അറിയാൻ സാധിക്കുമെന്നതിനാൽ ഓഖി പോലുള്ള ദുരന്തങ്ങളു ണ്ടാകുമ്പോൾ എത്ര പേർ കടലിൽ അകപ്പെട്ടു എന്നും അവർ |

| | | | |
|---|---|---|---|
| | | | സ്ഥിരമായി മത്സ്യബന്ധനം നടത്തുന്ന ഏകദേശ സ്ഥാനവും മനസ്സിലാക്കി രക്ഷാ പ്രവർത്തനം വേഗത്തിലാക്കാൻ സാധിക്കുമെന്നതാണ് സാഗരയുടെ പ്രത്യേകത. ഇത് ഏറെ ഉപയോഗപ്രദമാണെന്ന് മത്സ്യത്തൊഴിലാളികൾക്കിടയിൽ അഭിപ്രായമു ണ്ട്. ഇതു കൂടാതെ മത്സ്യത്തൊഴിലാളികളുടെയും യാനങ്ങളുടെയും വിവരങ്ങൾ ശേഖരിക്കാനും സാഗര വഴി സാധ്യമാകും . |
| (സി) | സ്മാർട്ട്ഫോൺ ഉപയോഗിക്കാൻ അറിയാത്ത നിരക്ഷരരായ മത്സ്യത്തൊഴിലാളികൾ സാഗര മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കാത്ത സാഹചര്യം നിലവിലുണ്ടോ; | (സി) | മത്സ്യത്തൊഴിലാളി മത്സ്യബന്ധനത്തിനായി കടലിൽ പോകുമ്പോഴും തിരിച്ചെത്തുമ്പോഴും യാനം ഉടമസ്ഥനോ അതിലെ പ്രധാന തൊഴിലാളിയോ അവരുടെ കുടുംബാംഗങ്ങൾക്കോ ആൻഡ്രോയിഡ് ഫോണിലൂടെ വിവരം രേഖപ്പെടുത്താൻ സാധിക്കും. ഇതിന് പുറമെ ആ ദ്യ വർഷത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സഹായം നൽകുന്നതിനായി 50 സാഗര ഫെസിലിറ്റേറ്റർമാരെ നിയോഗിച്ചിട്ടു ണ്ട്. എന്നാൽ ചില മത്സ്യബന്ധനയാനങ്ങളിലെ മത്സ്യത്തൊഴിലാളിക ൾക്കും ആൻഡ്രോയിഡ് ഫോൺ ഇല്ലാത്തതിനാൽ സാഗര രജിസ്ട്രേഷൻ വേഗത്തിലാക്കാൻ കഴിയുന്നില്ല എന്ന പ്രശ്നമു ണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതിയാണിതെന്നതിനാൽ ഓരോ മത്സ്യബന്ധനയാനങ്ങളിലും ഒരാൾക്കെങ്കിലും ആൻഡ്രോയിഡ് ഫോൺ ഉണ്ടാകണമെന്ന് നിഷ്കർഷിക്കുന്നതാണ്. |
| (ഡി) | മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങളുടെ വിവരങ്ങൾ ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് ശേഖരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | 7578 യാനങ്ങളുടെ വിവരങ്ങൾ ഇതിനകം ശേഖരിച്ചിട്ടു ണ്ട്. യാനത്തിന്റെ പേര്, ഉടമയുടെ പേര്, ഉടമയുടെ ഫോൺ നമ്പർ, കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ പേരുവിവരങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ, യാനത്തിലെ തൊഴിലാളികളുടെ എണ്ണം, അവരെ സംബന്ധിക്കുന്ന മൊബൈൽ ഫോൺ നമ്പരുൾപ്പെടെയുള്ള വിവരങ്ങൾ എന്നിവ ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് ശേഖരിക്കാൻ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ